ഉത്തരം

(എ) 2073 വൈദ്യുതി മോഷണക്കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽപ്പെട്ടവരിൽനിന്നും പിഴത്തുക അടച്ചവരെ വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഈടാക്കിക്കൊണ്ട് ക്രിമിനൽ നടപടികളിൽനിന്നും ഒഴിവാക്കുകയും പിഴത്തുക ഒടുക്കാൻ വിസമ്മതിച്ചവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 13,80,98,596 രൂപ ബോർഡിലേയ്ക്ക് മുതൽ കൂട്ടാനായി.

(സി) വൈദ്യുതി മോഷണം തടയുന്നതിന് മുൻകരുതലായി പത്രമാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളെടുക്കുന്നുണ്ട്. കൂടാതെ എ.പി.റ്റി.എസ്. സ്ക്വാഡുകൾ രാത്രികാലങ്ങളിലും അവധി ദിവസങ്ങൾ ഉൾപ്പെടെയും നടത്തുന്ന ദൈനംദിന പരിശോധനകൾ വൈദ്യുതി മോഷണത്തിനെതിരെ ഉപഭോക്താക്കളിൽ ഒരു അവബോധം സൃഷ്ടിക്കുന്നതിന് സഹായകമാകുന്നുണ്ട്.

(ഡി) പരിശോധന നടത്തിവരുന്നുണ്ട്.

കടിയങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

39(2027) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പേരാമ്പ്രമണ്ഡലത്തിലെ കടിയങ്ങാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly